**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 561** **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിൽ 'ഇൻഡസ്ട്രിയൽ പോർട്ട്' പദ്ധതി നടപ്പാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വികസനത്തിന് എറണാകുളം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ; | (എ) | സൂക്ഷ്മ ചെറുകിട സംരംഭകർക്ക് മൂലധന നിക്ഷേപത്തിന് ആനുപാതികമായി സാമ്പത്തിക സഹായം നൽകുന്ന സംരംഭകത്വ സഹായ പദ്ധതി, നാനോ സംരംഭങ്ങൾക്ക് ലോണിൻമേൽ പലിശ ധനസഹായം നൽകുന്ന പദ്ധതിയായ നാനോ പലിശ സബ്സിഡി പദ്ധതി, 10 ലക്ഷം വരെയുള്ള പദ്ധതി തുക വരുന്ന സംരംഭങ്ങൾക്ക് 30 മുതൽ 40 ശതമാനം വരെ സർക്കാർ ഗ്രാന്റ് നൽകുന്ന നാനോ മാർജ്ജിൻ മണി ഗ്രാന്റ് പദ്ധതി, കോവിഡാനന്തര കാലത്ത് എം.എസ്.എം.ഇ. മേഖലയുടെ പുനരുദ്ധാരണത്തിനായി ആരംഭിച്ച വ്യവസായ ഭദ്രത പദ്ധതി, കാർഷിക മേഖലയിലുള്ള സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 35 ശതമാനം വരെ സബ്സിഡി ആനുകൂല്യം നൽകുന്ന പി.എം.എഫ്.എം.ഇ പദ്ധതി, കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി സ്ഥിര മൂലധനത്തിന്റെ 40 ശതമാനം പരമാവധി 2 ലക്ഷം രൂപയും, എസ്.സി./എസ്.ടി , വനിത, യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗങ്ങൾക്ക് സ്ഥിര മൂലധനത്തിന്റെ 50 ശതമാനം പരമാവധി 3 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന ആശ പദ്ധതി, തകർച്ച നേരിടുന്ന എം.എസ്.എം.ഇ യൂണിറ്റുകളുടെ പുനരുദ്ധാരണ ത്തിനായുള്ള പദ്ധതി, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളുടെ പുനരുദ്ധാരണത്തി നായുള്ള പദ്ധതി, കൂടാതെ ഉൽപാദന/സേവന മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാർ പദ്ധതിയായ പി.എം.ഇ.ജി.പി. എന്നിവ ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ വിവിധ പദ്ധതികളിലൂടെ ജില്ലയിൽ ആകെ 787.34998 രൂപ ചെലവഴിക്കുകയും ആകെ 2845 ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തു. കൂടാതെ കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | പദ്ധതികളായ പി.എം.ഇ.ജി.പി., പി.എം.എഫ്.എം.ഇ. തുടങ്ങിയ പദ്ധതികൾ കൂടി ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്. പി.എം.ഇ.ജി.പി. പദ്ധതിയിൽ 145 സംരംഭകർക്കായി 354.57 ലക്ഷം രൂപയുടെ മാർജ്ജിൻ മണി ഗ്രാന്റ് അനുവദിച്ചു നൽകിയിട്ടുണ്ട്. കാർഷിക മേഖലയിലുള്ള സംരംഭകർക്ക് സ്ഥിര മൂലധനത്തിന്റെ 35 ശതമാനം വരെ സബ്സിഡി ആനുകൂല്യം നൽകുന്ന പി.എം.എഫ്.എം.ഇ പദ്ധതിയിൽ 9 അപേക്ഷകൾ വായ്പ ലഭിക്കുന്നതിനായി ബാങ്കിലേയ്ക്ക് ശുപാർശ നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി കാക്കനാട് ഇൻകുബേഷൻ ഫെസിലിറ്റി സെന്റർ, അങ്കമാലി പാർക്ക്, വി സ്പേസ്, ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | കേരളത്തിൽ ഇൻഡസ്ട്രിയൽ പോർട്ട് എന്ന പുതിയ ആശയം ആവിഷ്കരിച്ച് നടപ്പാക്കാൻ പദ്ധതി ഉണ്ടോ; | (ബി) | ഇല്ല. |
| (സി) | വൈപ്പിൻ മണ്ഡലത്തിൽ ഈ പദ്ധതി നടപ്പാക്കാനുള്ള സാദ്ധ്യതകൾ വിശദീകരിക്കാമോ; | (സി) | നിലവിൽ ഈ വിഷയം വ്യവസായ വകുപ്പിൽ പരിശോധിച്ചിട്ടില്ല. |
| (ഡി) | ഇത് സംബന്ധിച്ച് സ്ഥലം എം.എൽ.എ. വ്യവസായവകുപ്പ് മന്ത്രിക്ക് 29.11.2021 ന് നൽകിയ കത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുടെ നിയന്ത്രണവും നടത്തിപ്പും കേരള മാരിടൈം ബോർഡിൽ നിക്ഷിപ്തമാണ് എന്നതിനാൽ താങ്കളുടെ 29/11/21-ലെ നിവേദനം കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ